**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2100 — 06.02.2019 ൽ മറുപടിക്ക്

**പാറശ്ശാല മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽപ്പെടുത്തി പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ പൂഴനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഉൾപ്പെടുത്തുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും 'ശ്വാസ്, ആശ്വാസ്' ക്ലിനിക്കുകൾ, ഇ-ഹെൽത്ത് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രത്തിന്റെ ഒ.പി.സമയം വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് (ന്യൂ), കുന്നത്തുകാൽ, കൊല്ലയിൽ, ചെമ്പൂര് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാൻ ഫണ്ട്, എൻ.എച്ച്.എം.ഫണ്ട് എന്നിവ മുഖേന തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനനുസരിച്ചുള്ള പ്രവർത്തികൾ അംഗീകൃത ഏജൻസികൾ മുഖാന്തരം പുരോഗമിച്ചു വരുന്നു. ഓരോ കേന്ദ്രത്തിലേയ്ക്കും അനുവദിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>**പ്രാഥമികാരോഗ്യ കേന്ദ്രം**<br><br>കുന്നത്തുകാൽ - 15.50 ലക്ഷം<br>കള്ളിക്കാട് (ന്യൂ) - 15.50 ലക്ഷം<br>അമ്പൂരി - 15.50 ലക്ഷം<br>കൊല്ലയിൽ -15.50 ലക്ഷം<br>} എൻ.എച്ച്.എം.ഫണ്ട്<br><br>ചെമ്പൂര് - 14,00,000 (പ്ലാൻ ഫണ്ട്) |
| (ബി) | ആയതിലേക്കായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | | |
| (സി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവ്വേദ ആശുപത്രികളെ നവീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിലേക്കായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും ഏതൊക്കെ കേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ? | (സി) | 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആയുർവേദ ആശുപത്രികളെ നവീകരിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ